# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(ബിപി)1133/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/11/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2) എ.ഡി.സി (ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എ-ഇകെഎം(ബിപി)1133/2025 തീയ്യതി: 29/11/2025

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി എം.വി | ജോയിന്റ് ഡയറക്ടർ | 22-09-2025 | 29-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 29-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

കവിതാദേവി വി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

രാമകൃഷ്ണൻ കെ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കിരൺ കെ. എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി കൊച്ചുത്രേസ്യ തങ്കച്ചൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.അഭിലാഷ്.എം.ആർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബോബി ഈപ്പൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി പത്മശ്രീ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി ബീത്തി ബാലചന്ദ്രൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി അജിതമോൾ കെ.എ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സൗമ്യ വർഗ്ഗീസ് | സി.ഡി.പി.ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി സായാഹ്ന കെ.ജെ | സി.ഡി.പി.ഒ. അഡീഷണൽ | 01-04-2024 | 31-03-2025 |
| ശ്രീ.വാസുദേവൻ സി.എൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.നസീമ നജീബ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2024 | 19-10-2024 |
| ഡോ. ജയ ജി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 20-10-2024 | 31-03-2025 |
| ശ്രീ. ജോബി ടി.ജെ. | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ ന്യൂനത-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | CFC Grant ചെലവ് തുകകൾ, I-6, ചെലവ് പത്രിക എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പെൻഷൻ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-10 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയില്ല - ചെലവ് ₹4,00,000/- തടസ്സപ്പെടുത്തുന്നു | 1-11 |
| 15 | പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് ₹7,26,315/-തടസ്സപ്പെടുത്തുന്നു | 1-12 |
| 16 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തെറാപ്പിസ്റ്റുകൾക്ക് അർഹതയുള്ളതിനേക്കാൾ അധിക ഓണറേറിയം അനുവദിച്ചു | 1-13 |
| 17 | സപ്ലയറിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-14 |
| 18 | തനത് ഫണ്ട് ചെലവ് -സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-15 |
| 19 | പ്രോജക്ടിന്റെ ചെലവ് -സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-16 |
| 20 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-17 |
| 21 | IAY ഭവന നിർമ്മാണ പദ്ധതി- സ്രോതസ്സിൽനിന്നും തുക കറവ് ചെയ്തത് വായ്പയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 22 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ -ചെലവുതുക 514000 രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 23 | എസ് സി വനിതകൾക്ക് സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം- 55000 രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 24 | സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -₹10453185 /-തടസ്സപ്പെടുത്തുന്നു | 1-21 |
| 25 | പൂർത്തീകരിച്ച പദ്ധതികൾ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറുന്നില്ല | 1-22 |
| 26 | പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചു. | 1-23 |
| 27 | കാലടി CHC വേസ്റ്റ് മാനേജ്മെന്റ് ഏരിയ അപ്ഗ്രേഡേഷൻ - പ്രോജക്ട് ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-24 |
| 28 | മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കുന്നതിലെ അപാകങ്ങൾ | 1-25 |
| 29 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-26 |


ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ. | 4-7 |
| 8 | ഓഡിറ്റ് റിക്കവറി ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.7.2025 ലെ ഭരണ സമിതി യോഗ തീരുമാനം നമ്പർ 1 പ്രകാരം തയ്യാറാക്കി 30.7.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **അങ്കമാലി** ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അങ്കമാലി** ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 29.11.2025

ജോയിന്റ് ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികകൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.
ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

### 1-1-2 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ ന്യൂനത-കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8491319 ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8740812 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 CFC Grant ചെലവ് തുകകൾ, I-6, ചെലവ് പത്രിക എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല

CFC Grant ചെലവ് തുകകൾ I-6, നിർവ്വഹണ ഉദ്യോഗസ്ഥരുടെ സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ടിനം | I-6 പ്രകാരം ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|---|
| 1 | Central Finance Commission Grant - Basic Tax Grant | 4936526.00 | 11795390.00 | 120.00 |
| 2 | Central Finance Commission Grant - Tied Fund | 6858984.00 | | |
| | ആകെ | 11795510.00 | 11795390.00 | 120.00 |

### 1-2 ബജറ്റ്

07.02.2024 തീയതിയിലെ തീരുമാനം 1(1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 28.03.2025 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|---|
| 1 | മുന്നിരിപ്പ് | 3500693.00 | 3500693.00 |
| 2 | വരവ് | 75173700.00 | 101803882.00 |
| 3 | ആകെ | 78674393.00 | 105304575.00 |
| 4 | ചെലവ് | 76899755.00 | 100724500.00 |
| 5 | നീക്കിയിരുപ്പ് | 1774638.00 | 4580075.00 |

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹6972899.00 |
| വരവ് | ₹84303220.00 |
| ആകെ | ₹91276119.00 |

| | |
|---|---|
| ചെലവ് | ₹75811901.00 |
| നീക്കിയിരിപ്പ് | ₹15464218.00 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ(₹) | ചെലവ്(₹) | ബാങ്ക് നീക്കിയിരുപ്പ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 29157280.00 | 29157280.00 | 29157270.00 | 0 | 10 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12513000.00 | 12513000.00 | 10234356.00 | 0 | 2278644.00 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 163720.00 | 163720.00 | 128800.00 | 0 | 34920.00 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 9461000.00 | 9461000.00 | 9460667.00 | 0 | 333.00 |
| സി.എഫ്.സി – ബേസിക്ക് (ബാങ്ക്) | 3635219.00 | 5191906.00 | 8827125.00 | 4936526.00 | 3890599.00 | 0 |
| സി.എഫ്.സി – ബേസിക്ക് (ട്രഷറി) | 0 | 0 | 0 | 0 | 0 | 0 |
| സി.എഫ്.സി –ടൈഡ് | 2315772.00 | 10849000.00 | 13164772.00 | 6858984.00 | 6305788.00 | 0 |
| സി.എഫ്.സി –ടൈഡ് (ട്രഷറി) | 0 | 239890.00 | 239890.00 | 0 | 0 | 239890.00 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -320100205- ഹെൽത്ത് ഗ്രാന്റ് | 4,94,992 | 4224745 | 4719737.00 | 359348* | 4360389.00 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-സമ്പൂർണ്ണ സുചിത്വം-320100115 | 2,80,196 | 60698 | 340894 | 0 | 340894 | 0 |
| 320200399-മറ്റ് ഗ്രാന്റുകൾ | 16,567 | 0 | 16,567 | 0 | 16,567 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-മറ്റ് ഗ്രാന്റുകൾ320100199 | 777 | 20 | 797 | 36 | 761 | 0 |
| 320800199-മറ്റ് ഗ്രാന്റുകൾ-ക്യാപ്പിറ്റൽ | 0 | 0 | 0 | 0 | 0 | 0 |

*കുറിപ്പ്:-*

വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്തവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹3621683/- ഉൾപ്പെടുന്നുണ്ട്.

* I-6 പ്രകാരം 357504 രൂപയാണ് ചെലവ്, 1844 രൂപ ബാങ്ക് ചാർജ്ജ് ഇനത്തിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ 359348 രൂപയാണ് ചെലവ്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗിമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 27495702 | 87 | 12887279 | 27 | 34 | 58.78 |

**1-6 തൊഴിലുറപ്പ് പദ്ധതി**

ബാധകമല്ല

**1-7 ക്ഷേമ പെൻഷൻ**

ബാധകമല്ല.

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2025 തീയതിയിൽ 3.00 PM-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6000/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

1. ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാകേണ്ടതുണ്ട്. ഓരോ വർഷവും വിവിധ പ്രോജക്ടുകൾക്കായി ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

**2. ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ബ്ലോക്ക്പഞ്ചായത്തിന്റെ 1999-2000 മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ 120 പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം ബ്ലോക്ക് പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

3. സാക്ഷരതാ പ്രേരക്ക്മാർക്ക് ഹോണറേറിയം നല്കുന്നതിലേക്കായി തൻവർഷം തുക ചെലവഴിച്ചിട്ടുള്ളതാണ്. ആയത് ക്രമീകരിച്ചിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ച തുകകളും ക്രമീകരിച്ചിട്ടില്ല. സാക്ഷരതാ മിഷനിൽ നിന്നും വിഹിതം ലഭ്യ മാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. 2024-25 സാമ്പത്തിക വർഷം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ കേരളോത്സവം നടത്തുന്നതിനായി രണ്ടു ലക്ഷം രൂപ തനതുഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചിട്ടുള്ളതാണ്. യുവജനക്ഷേമ ബോർഡിൽ നിന്നും വിഹിതം ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂർ ക്രമീകരിച്ച എങ്കിലും ചെലവ് സുലേഖാ ചെലവുപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ട്സിന്റെ കൃത്യതയെ ആയത് ബാധിക്കുന്നതാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

5.കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ(പി) നം. 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് വാഹനങ്ങൾക്ക് ന്യൂ ഇൻഡ്യ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ് എന്നീ കമ്പനികളുടെ ഇൻഷ്വറൻസാണ് എടുത്തിട്ടുള്ളത്.

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് എടുത്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുന്നതിനു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/27.9.2025) മറുപടി ലഭിച്ചില്ല. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം – നിർമ്മാണം പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം.,പേര് | S0064/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ | S 0110/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹12,00,000/- (വികസനഫണ്ട്-എസ്.സി.പി) | ₹3,70,000/- (വികസനഫണ്ട് -എസ്.സി.പി) |
| ചെലവ് | ₹11,60,000/- (വികസനഫണ്ട്-എസ്.സി.പി) (8,30,000/- രൂപ S0064/25 പ്രൊജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും 3,30,000/- രൂപ മുൻ വർഷങ്ങളിലെ ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട്) | ₹3,70,000/- (വികസനഫണ്ട് -എസ്.സി.പി) |
| ബിൽ നമ്പർ/തീയതി, തുക(₹) | 45/08.07.2024 – 80000/-<br>159/11.12.2024 – 160000/-<br>160/11.12.2024 – 30000/-<br>161/11.12.2024 – 30000/-<br>275/27.02.2025 – 30000/-<br>278/27.02.2025 – 60000/-<br>350/13.03.2025 – 60000/-<br>386/18.03.2025 – 90000/-<br>392/21.03.2025 - 60000/-<br>391/21.03.2025 – 30000/-<br>394/21.03.2025 – 30000/-<br>406/24.03.2025 - 500000/- | 18/09.05.2024 – 60000/-<br>19/09.05.2024 – 60000/-<br>20/09.05.2024 – 60000/-<br>42/08.07.2024 – 60000/-<br>43/08.07.2024 – 80000/-<br>44/08.07.2024 – 50000/- |
| നിർവ്വഹണോദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന ഇനത്തിൽ 2024-25 വർഷം രണ്ട് പ്രൊജക്ടുകൾ (തൻവർഷം, സ്പിൽ ഓവർ) നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾ പ്രകാരം ധനസഹായം കൈപ്പറ്റിയിട്ടും താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, വിലാസം | കരാർ തീയതി | കൈപ്പറ്റിയ ആകെ തുക (₹) |
|---|---|---|---|
| 1 | രതീഷ് സി.ജി (രശ്മി രതീഷ്), ചേറോലിക്കൽ വീട്, മലയാറ്റൂർ പി.ഒ, ഇല്ലിത്തോട് | 13.03.2025 | ഓഡിറ്റ് വർഷം - 90000/- (30000+60000) |
| 2 | സതീശൻ പി.സി | 13.03.2025 | ഓഡിറ്റ് വർഷം - 90000/- (30000+60000) |

| | | | |
|---|---|---|---|
| | (ഭൂമിക പി.എസ്),<br>പെരുംമ്പോണത്തിറ വീട്,<br>പാറപ്പുറം പി.ഒ, കാഞ്ഞൂർ | | (3rd ഇൻസ്റ്റാൾമെന്റ് 80000/- 15.07.2025ൽ നൽകിയിട്ടുണ്ട്) |
| 3 | രമണി എ.എ (രമ്യ ശിവൻ),<br>വെള്ളാംപട്ടയ്ക്കൽ,<br>കട്ടകളങ്ങര, അയ്യമ്പുഴ | 17.03.2025 | ഓഡിറ്റ് വർഷം – 90,000/-<br>(3rd ഇൻസ്റ്റാൾമെന്റ് 80000/-<br>14.08.2025 ൽ നൽകിയിട്ടുണ്ട്) |
| 4 | അനീഷ് സി<br>(ഏയ്ഞ്ചലീന അനീഷ്),<br>ശോഭാ ഭവൻ, മൂക്കന്നൂർ | 19.03.2025 | ഓഡിറ്റ് വർഷം - 90000/- (30000+60000)<br>(3rd ഇൻസ്റ്റാൾമെന്റ് 80000/-<br>15.07.2025 ൽ നൽകിയിട്ടുണ്ട്) |
| 5 | ഷിബി എം.കെ<br>(ബദരീനാഥ് ദിലീപ്),<br>മുണ്ടപ്പിള്ളി വീട്,<br>കാലടി പി.ഒ,<br>മരോട്ടിച്ചോട് | 18.03.2025 | ഓഡിറ്റ് വർഷം - 90000/- (30000+60000)<br>(3rd ഇൻസ്റ്റാൾമെന്റ് 80000/-<br>15.07.2025 ൽ നൽകിയിട്ടുണ്ട്) |
| 6 | ഷാജു എം.എസ്<br>(ഷായ്മോൻ ഷാജു),<br>മങ്ങാട്ടി വീട്,<br>ഏഴാറ്റുമുഖം പി.ഒ,<br>പാലിശ്ശേരി | 20.03.2025 | ഓഡിറ്റ് വർഷം - 90000/- (30000+60000)<br>(3rd ഇൻസ്റ്റാൾമെന്റ് 80000/- 15.07.2025 ൽ നൽകിയിട്ടുണ്ട്) |
| 7 | ബിന്ദു പി.കെ<br>(അതുല്യ മനോഷ്),<br>പുറവിടത്ത് വീട്,<br>ആനപ്പാറ പി.ഒ, കരമല | 20.03.2025 | ഓഡിറ്റ് വർഷം - 30000/-<br>(2nd ഇൻസ്റ്റാൾമെന്റ് 60000/- രൂപ<br>15.07.25 ലും 3rd ഇൻസ്റ്റാൾമെന്റ് 80000/-<br>14.08.2025 ലും നൽകിയിട്ടുണ്ട്) |
| 8 | സുബ്രൻ വി.വി<br>(സുരാസ് സുബ്രൻ),<br>വാതിക്കാടൻ വീട്,<br>ഏഴാറ്റുമുഖം പി.ഒ,<br>മുന്നൂർപ്പിള്ളി | 29.01.2024 | ഓഡിറ്റ് വർഷം - 140000/-<br>(60000/- രൂപ 110/25 പ്രൊജക്ട് പ്രകാരം<br>+ 80000/- രൂപ 64/25 പ്രൊജക്ട് പ്രകാരം)<br>(2023-24 ൽ 30,000/- നൽകി) |
| 9 | അജിത സാജു<br>(ശ്രീഹരി സാജു),<br>പാലേലി വീട്,<br>കാലടി പി.ഒ, മറ്റൂർ | 26.01.2024 | ഓഡിറ്റ് വർഷം - 1,40,000/-<br>(60000/- രൂപ 110/25 പ്രൊജക്ട് പ്രകാരം+<br>80000/- രൂപ 64/25 പ്രൊജക്ട് പ്രകാരം)<br>(2023-24 ൽ 30,000/- നൽകി) |
| 10 | ശ്രീ. സാലി കെ.കെ, കാപ്പിള്ളി വീട്,<br>വട്ടപ്പറമ്പ്, കാലടി | 07.02.2019 | ഓഡിറ്റ് വർഷം - 50000/-<br>(2019-20 ൽ 1,00,000/- രൂപ<br>(രണ്ട് ഇൻസ്റ്റാൾമെന്റ്) നൽകിയതായി<br>രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്) |
| 11 | ഷാജു എൻ. എൻ<br>(ജ്യോതിക ഷാജു),<br>നെടുമറ്റം, അയ്യമ്പുഴ പി.ഒ | 20.02.2024 | ഓഡിറ്റ് വർഷം - 60000/-<br>(2023-24 ൽ 30,000/- രൂപയും<br>2025-26 ൽ 80000/-രൂപയും നൽകിയതായി<br>രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്) |

നിലവിൽ ടി ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.1/24.09.2025, നം.2/24.09.2025) മേൽ ഗുണഭോക്താക്കൾക്ക് ആർക്കും മുഴുവൻ തുകയും വിതരണം ചെയ്തിട്ടില്ല എന്ന് മറുപടി ലഭിച്ചു.

ഓഡിറ്റ് നിർദ്ദേശം

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള എല്ലാ ഗുണഭോക്താക്കളുടേയും പഠനമുറിയുടെ നിർമ്മാണം

പൂർത്തീകരിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-11 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയില്ല - ചെലവ് ₹4,00,000/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് നം., പേര് | S0074/25, വിജയഭേരി - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | ₹4,00,000/- (വികസനഫണ്ട് -എസ്.സി.പി) |
| ചെലവ് | ₹4,00,000/- (വികസനഫണ്ട് -എസ്.സി.പി) |
| ബിൽ നമ്പർ/തീയതി, തുക (₹) | 217/31.12.2024 – 35000/-<br>226/03.01.2025 – 180000/-<br>225/03.01.2025 – 65000/-<br>224/03.01.2025 – 56250/-<br>242/27.01.2025 – 22500/-<br>243/27.01.2025 – 18750/-<br>244/27.01.2025 – 4750/-<br>265/18.02.2025 – 5000/-<br>270/21.02.2025 – 12750/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

1) മേൽ പ്രൊജക്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി വിവിധ ഗ്രാമപഞ്ചായത്തുകളിലെ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ 4,00,000/- രൂപ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് നൽകിയതെന്നോ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പഞ്ചായത്തുകൾ തുക ലഭ്യമാക്കുന്നതിനായി നല്കിയ കത്തുകളോ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/24.09.2025) വിനിയോഗ സാക്ഷ്യപത്രം, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് മൂക്കന്നൂർ, മഞ്ഞപ്ര, മലയാറ്റൂർ-നീലീശ്വരം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയത് ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

**1-12 പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -ചെലവ് ₹7,26,315/-തടസ്സപ്പെടുത്തുന്നു**

2024-25 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ ₹ | ചെലവഴിച്ച തുക ₹ (ബിൽ നം., തീയതി, തുക) |
|---|---|---|---|---|
| 1 | S0008/25 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് വിഹിതം നൽകൽ | 30,000/- (വികസന ഫണ്ട് – ജനറൽ) | 313/08.03.2025 – 6000/-<br>315/08.03.2025 – 10000/-<br>322/08.03.2025 – 10000/-<br>348/11.03.2025 – 4000/-<br>ആകെ – 30,000/-<br>(കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് 10,000/- രൂപയുടെ വിനിയോഗ |

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്) |
| 2 | S0018/25 | തരിശ് നിലങ്ങളിലെ നെൽകൃഷി - ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 54,000/- (വികസന ഫണ്ട് – ജനറൽ) | 314/08.03.2025 – 48000/-<br>329/08.03.2025 – 6000/-<br>ആകെ – 54,000/- |
| 3 | S0120/25 (സ്പിൽ ഓവർ) | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2,60,000/- (വികസന ഫണ്ട് – ജനറൽ) | 306/07.03.2025 – 78674/-<br>307/07.03.2025 – 181326/-<br>ആകെ – 2,60,000/- |
| 4 | S0007/25 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 3,92,315/- (വികസന ഫണ്ട് – ജനറൽ) | 304/07.03.2025 – 22450/-<br>305/07.03.2025 – 87500/-<br>308/07.03.2025 – 45613/-<br>309/07.03.2025 – 10637/-<br>312/ 08.03.2025 – 39625/-<br>316/08.03.2025 – 26706/-<br>321/08.03.2025 – 27550/-<br>325/08.03.2025 – 28500/-<br>326/08.03.2025 – 9000/-<br>327/08.03.2025 – 31230/-<br>335/10.03.2025 – 2710/-<br>352/14.03.2025 – 35794/-<br>385/18.03.2025 – 25000/-<br>ആകെ – 3,92,315/- |
| | | | ആകെ | 7,36,315/- |

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം അടങ്കൽ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ 1 പ്രൊജക്ടിലെ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ 10,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. മറ്റ് പ്രോജക്ടുകളുടെ ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.16/27.09.2025) മറുപടി ലഭ്യമാക്കുകയോ ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയത് ഹാജരാക്കുന്നത് വരെ 7,26,315/- രൂപയുടെ (7,36,315-10,000) ചെലവ് തടസ്സപ്പെടുത്തുന്നു. ഫയൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തെറാപ്പിസ്റ്റുകൾക്ക് അർഹതയുള്ളതിനേക്കാൾ അധിക ഓണറേറിയം അനുവദിച്ചു

| | | |
|---|---|---|
| പ്രോജക്ട് നം., പേര് | S0067/25, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർ പ്രവർത്തനങ്ങൾ | S0113/25, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർ പ്രവർത്തനങ്ങൾ (സ്പിൽ ഓവർ) |
| അടങ്കൽ | ₹7,76,938/- (വികസനഫണ്ട് - പൊതുവിഭാഗം) | 1,55,085/- (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ₹6,74,049/- (വികസനഫണ്ട് -പൊതുവിഭാഗം) | 1,14,510/- (വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ, അങ്കമാലി | |

1) അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പീച്ചാനിക്കാട് പ്രവർത്തിക്കുന്ന BIPMAR (Block Institute Of Physical Medicine And Rehabilitation) ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടർ പ്രവർത്തനങ്ങൾക്കായാണ് മേൽ പ്രൊജക്ടുകൾ വിഭാവനം ചെയ്തിട്ടുള്ളത്. BIPMAR വഴി ഭിന്നശേഷിക്കാർക്ക് സ്പീച്ച് തെറാപ്പി, സൈക്കോ തെറാപ്പി, ഫിസിയോ തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി എന്നിവ നൽകി വരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) എന്ന സ്ഥാപനമാണ്, ടി സ്ഥാപനത്തിലേക്ക് ആവശ്യമായ തെറാപ്പിസ്റ്റുകളെ നൽകുന്നത്. BIPMARലേക്ക് നിയോഗിക്കപ്പെടുന്ന തെറാപ്പിസ്റ്റുകളുടെ വേതനം NIPMR -ൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിലാണ് NIPMR -ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകുന്നത്. ഫയൽ പരിശോധിച്ചതിൽ തെറാപ്പിസ്റ്റുകളുടെ BIPMAR -ലെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരമുള്ള ഹാജർ ദിവസങ്ങളേക്കാൾ കൂടുതൽ ദിവസങ്ങൾക്ക് വേതനം അനുവദിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിക്വിസിഷൻ കത്ത് നം | ബിൽ നം | മാസം | വിഭാഗം | റിക്വിസിഷൻ കത്ത് പ്രകാരം തുക അനുവദിച്ച ദിവസങ്ങളുടെ എണ്ണം | അനുവദിച്ച ഹോണറേറിയം ₹ | അറ്റൻഡൻസ് പ്രകാരം ഹാജർ ദിനങ്ങൾ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|---|
| 1 | NIPMR/SJD/ 54/2023 തീയതി : 19.06.24 | 44338/ 26.06.24 | 2024 മെയ് | സ്പീച്ച് തെറാപിസ്റ്റ് (ASLP) | 8 | 8 X 1205 = 9640 | 7 | 1205 |
| | | | | ഒക്യുപേഷണൽ തെറാപിസ്റ്റ് | 8 | 8 X 1100 =8800 | 7 | 1100 |
| 2 | NIPMR/SJD/ 54/2023 തീയതി : 26.07.24 | 13598/ 11.12.24 | 2024 ജൂൺ | സൈക്കോളജിസ്റ്റ് | 8 | 8 X 1100 =8800 | 7 | 1100 |
| | | | | സ്പീച്ച് തെറാപിസ്റ്റ് (ASLP) | 7 | 7 X 1205 =8435 | 6 | 1205 |
| | | | | ഫിസിയോ തെറാപിസ്റ്റ് | 8 | 8 X 1205 =9460 | 7 | 1205 |
| 3 | NIPMR/SJD/ 54/2023 തീയതി : 05.11.24 | 13593/ 11.12.24 | 2024 ഒക്ടോബർ | സൈക്കോളജിസ്റ്റ് | 8 | 8 X 1100 =8800 | 7 | 1100 |

2) 87099/07.03.2025 നമ്പർ ബിൽ പ്രകാരം 1,01,210/- രൂപ നവംബർ 2024, ഡിസംബർ 2024, ജനുവരി 2025 എന്നീ മാസങ്ങളിലെ തെറാപ്പിസ്റ്റുകളുടെ ഹോണറേറിയം ഇനത്തിൽ NIPMR -ന് നൽകിയിട്ടുണ്ട്. എന്നാൽ NIPMR -ൽ നിന്നുള്ള പ്രസ്തുത മാസങ്ങളിലെ റിക്വിസിഷൻ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/29.09.2025) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) BIPMR -ലെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരമുള്ള ഹാജർ ദിവസങ്ങളും NIPMR -ൽ നിന്നുള്ള റിക്വിസിഷൻ കത്തിലെ ഹാജർ ദിനങ്ങളും കൃത്യമാണോ എന്ന് പരിശോധിച്ച മാത്രം തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ക്രമ നമ്പർ 1 പ്രകാരം അധിക തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3) പ്രൊജക്റ്റുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4) നവംബർ 2024, ഡിസംബർ 2024, ജനുവരി 2025 എന്നീ മാസങ്ങളിലെ റിക്വിസിഷൻ കത്ത്, പ്രസ്തുത മാസങ്ങളിലെ BIPMR -ലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-14 സപ്ലയറിൽ നിന്നും ജി.എസ്.ടി – ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം.65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തിൽ മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രൊജക്റ്റുകളുടെ വാങ്ങലുകൾക്ക് തുക നൽകിയപ്പോൾ ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായികാണുന്നില്ല. സപ്ലയർമാർ GST ഉൾപ്പെടുത്തിയ ബിൽ ആണ് നൽകിയിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രോജക്ട് | 88/25 CHC കാലടിയിലേക്ക് ലാബ് മരുന്നുകളും ലാബ് റീ ഏജൻസും, മറ്റ് മെഡിക്കൽ അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കൽ | 119/25 പാലിയേറ്റീവ് കെയർ - സെക്കണ്ടറി കെയർ ഗൃഹ കേന്ദ്രീകൃത പരിചരണം കാലടി സാമൂഹ്യ കേന്ദ്രം മുഖേന (സ്പിൽ ഓവർ) | 85/25 പാലിയേറ്റീവ് കെയർ - സെക്കണ്ടറി കെയർ ഗൃഹ കേന്ദ്രീകൃത പരിചരണം കാലടി സാമൂഹ്യ കേന്ദ്രം മുഖേന | S0136/25 CHC കാലടിയിലേക്ക് മരുന്നുകളും ലാബ് റീ ഏജന്റ്സും മറ്റ് മെഡിക്കൽ അനുബന്ധ സാധനങ്ങളും ലഭ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹57,46,947/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | ₹6,50,569/- (വികസന ഫണ്ട് - ജനറൽ) ₹2,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | ₹18,01,938/- (വികസന ഫണ്ട് - ജനറൽ) ₹10,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | ₹9,91,396/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹47,26,755/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | ₹6,50,569/- (വികസന ഫണ്ട് - ജനറൽ) ₹2,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | ₹14,63,286/- (വികസന ഫണ്ട് - ജനറൽ) ₹8,44,587/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) | ₹9,91,396/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ട്രഷറി ബിൽ നം./തീയതി, തുക | 31/18.07.24 – ₹7,23,140/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - | 1/09.05.24 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹99,974/- | 53/15.01.25 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ | 63/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹72,732/- |

| | | | |
|---|---|---|---|
| ₹19,751/-) | | ₹104029 | |
| 38/17.10.24 - ₹4,94,110/- (MS Labx – 83,720/-, ABC Diagnostics Pvt Ltd – ₹3,65,635/-, AGD Biomedicals Pvt Ltd – 32,500/-) | 2/09.05.24- നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - 89,561/- | 59/3.3.25 – ₹2,75,028/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹1,25,349/-) | 62/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹99,262/- |
| 48/17.12.24 - ABC Diagnostics Pvt Ltd – 2,34,262/- | 3/09.05.24- നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - 89,119/- | 60/03.03.25 - ജൻ ഔഷധി , മഞ്ഞപ്ര - 1,28,900/- | 61/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - 89,311/- |
| 55/12.02.25 ABC Diagnostics Pvt Ltd - ₹1,54,337/- | 4/09.05.24- നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹99,200/- | 43/11.12.24 - ₹4,92,189/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹4,88,279/-) | 60/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹90,220/- |
| 35/10.10.24 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹74,410/- | 5/09.05.24 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹99,200/- | 67/07.03.25 - ₹1,25,370/- (ജൻ ഔഷധി, മഞ്ഞപ്ര - ₹75,000/-) | 59/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹84,966/- |
| 32/10.09.24- ₹29,917/-(നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹23,903/-) | 15/09.05.24 – ₹1,83,161/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹1,77,061/-) | | 58/18.07.2024 - ₹89,854/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹43,194/- , ജൻ ഔഷധി, മഞ്ഞപ്ര - ₹46,660/-) |
| 40/12.11.24- ₹1,90,569/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹29,631/-) | | | 57/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹83,671/- |
| 41/06.12.24 - ₹2,42,683/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹30,713/-) | | | 56/18.07.2024 - ജൻ ഔഷധി, മഞ്ഞപ്ര - ₹99,100/- |
| 36/10.10.24 - ₹1,23,662/- (ABC Diagnostics Pvt Ltd - ₹1,22,491/-) | | | 55/18.07.2024 - ജൻ ഔഷധി, മഞ്ഞപ്ര - ₹99,450/- |
| 52/15.01.25 - ₹3,68,389/- (നീതി | | | 54/18.07.2024 - ജൻ ഔഷധി, മഞ്ഞപ്ര - |

| | | |
|---|---|---|
| മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹3,18,186/-) | | ₹99,000/- |
| 33/19.09.24 - ₹1,82,442/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹1,13,895/-) | | 53/18.07.2024 - നീതി മെഡിക്കൽ സ്റ്റോർ പെരുമ്പാവൂർ - ₹83,697/- |
| 56/12.02.25 - ₹4,19,755/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹1,79,134/-) | | 254/12.02.2025 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹133/- |
| 58/03.03.25 - ₹8,20,000/- (നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹1,62,183/-) | | |
| 72/07.03.25 - നീതി മെഡിക്കൽ സ്റ്റോർ, പെരുമ്പാവൂർ - ₹1,58,109/- | | |
| 73/07.03.25 - ABC Diagnostics Pvt Ltd - ₹34,772/- | | |
| 75/14.03.25 - ABC Diagnostics Pvt Ltd - ₹3,56,646/- | | |

മേൽ പട്ടിക പ്രകാരമുള്ള വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.17/27.09.2025, നം.23/29.09.2025) മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

* ബില്ലുകൾ നൽകുന്നതിനു മുൻപ് സ്രോതസ്സിൽനിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 തനത് ഫണ്ട് ചെലവ് -സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2024-25ൽ സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 86060/- രൂപയുടെ ചെലവ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | 48/25 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1954180/- വികസന ഫണ്ട് - ജനറൽ<br>₹265820/- തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹1954180/- വികസന ഫണ്ട് - ജനറൽ<br>₹86060/- തനത് ഫണ്ട് |
| ബിൽ നം. /തീയതി<br>(തനത് ഫണ്ട്) | 192/12.12.2024 - ₹65720<br>186/12.12.2024 - ₹20340 |

പ്രോജക്ടിൽ തുക ചെലവഴിക്കുകയും, സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെടുകയും ചെയ്യാത്തതുമൂലം ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ പ്രോജക്ട് ചെലവ് പ്രതിഫലിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/29.09.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-16 പ്രോജക്ടിന്റെ ചെലവ് -സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ആരംഭിച്ചതും 2024-25 സ്പിൽ ഓവർ ആയി നടപ്പിലാക്കിയ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്ക് ഫർണിച്ചർ - എന്ന പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | 141/25 ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്ക് ഫർണിച്ചർ - (സ്പിൽ ഓവർ) |
| ഫണ്ടിനം | തനതുഫണ്ട് |
| അടങ്കൽ | ₹500000/- |
| ചെലവ് | ₹396825/- |
| ബിൽ നം. തീയതി | 328/25.10.2024 |

പ്രോജക്ടിൽ തുക ചെലവഴിക്കുകയും, സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെടുകയും ചെയ്യാത്തതുമൂലം ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ പ്രോജക്ട് ചെലവ് പ്രതിഫലിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു നല്കിയ ഓഡിറ്റ് എൻക്വയറി 21/29.9.2025 നു മറുപടി ലഭിച്ചില്ല. അപാകതകൾ ക്രമീകരിക്കേണ്ടതാണ്.

## 1-17 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

| ക്രമ നം | കോഡ് | ശീർഷകം | തുക |
|---|---|---|---|
| 1 | 460100103 | Temporary Advance For Official Purposes | ₹200000 |
| 2 | 460500399 | Advance To Other Authorised Agencies | ₹1480000 |
| 3 | 460100199 | Other Advances | ₹550438 |
| 4 | 460500201 | Advance To Implementing Agencies - Deposit With Kerala Water Authority | ₹3974499 |
| 5 | 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | ₹496100 |
| 6 | 460509901 | Advance To Others | ₹14079 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്

(ക്രമ നം.1, 2, 6 എന്നിവയ്ക്ക് ബാധകം)

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/29.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

മുൻകൂർ നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-18 IAY ഭവന നിർമ്മാണ പദ്ധതി- സ്രോതസ്സിൽനിന്നും തുക കുറവ് ചെയ്തത് വായ്പയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

2024-25 വർഷത്തെ പദ്ധതി ചെലവ് രേഖകളുടെ പരിശോധനയിൽ വികസന ഫണ്ട് ജനറൽ തുക അനുവദിച്ചിട്ടുള്ളത് വായ്പാ പലിശയിനത്തിൽ 36,21,683 രൂപ സ്രോതസ്സിൽനിന്നും കുറവു ചെയ്തതിനുശേഷമാണെന്ന് ബോധ്യപ്പെട്ടു, ആയതനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ജി.ഒ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വിഭാഗം | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക ₹ |
|---|---|---|
| 209/25 IAY പലിശയിനത്തിൽ കുറവ് ചെയ്യുന്ന തുക | വികസന ഫണ്ട് ജനറൽ | 36,21,683 |

IAY ഭവന നിർമ്മാണ പദ്ധതിക്കായി അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് വായ്പ എടുത്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വായ്പയുടെ പലിശയിനത്തിൽ വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും തുക കുറവ് ചെയ്തതിന്റെ വ്യക്തത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

വായ്പയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി-5 ഷെഡ്യൂൾ പ്രകാരം വായ്പാ തിരിച്ചടവ് ഇനത്തിൽ നീക്കിയിരുപ്പ് തുക ഇല്ല. ഭവന നിർമ്മാണ പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, പ്രസ്തുത ആവശ്യത്തിന് വായ്പ എടുത്തിട്ടില്ലെങ്കിൽ 36,21,683 രൂപ വായ്പാ പലിശയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവു ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-19 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ -ചെലവുതുക 514000 രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട്, നമ്പർ, ഫണ്ടിനം | 118/25,<br>വനിതാ സ്വയംതൊഴിൽ പദ്ധതി – എസ്.സി,<br>വികസനഫണ്ട് എസ്.സി.പി |
| അടങ്കൽ | ₹1190000 |
| ചെലവ് | ₹514000 |
| ബിൽ നമ്പർ, തീയതി | 560/15.03.2025 |

2024-25 സാമ്പത്തിക വർഷം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 118/25, വനിതാ സ്വയംതൊഴിൽ പദ്ധതി – എസ്.സി, വികസനഫണ്ട് എസ്.സി.പി എന്ന പ്രോജക്ടിൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.9/25.09.2025) മറുപടി ലഭ്യമാക്കിയില്ല. ഈ പ്രോജക്ടിന്റെ ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 514000 രൂപ തടസ്സപ്പെടുത്തുന്നു.

**1-20 എസ് സി വനിതകൾക്ക് സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം- 55000 രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട്, നമ്പർ, ഫണ്ടിനം | 177/25, എസ് സി വനിതകൾക്ക് സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, വികസനഫണ്ട് എസ്.സി.പി |
| അടങ്കൽ | ₹2200000 |
| ചെലവ് | ₹1052000 |
| ബിൽ നമ്പർ, തീയതി | 561/15.3.2025-₹204000/-<br>452/17.2.2025-₹408000/-<br>339/5.12.2024-₹440000/- |

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തും ഇറാം ടെക്നോളജീസും തമ്മിൽ 27.9.2024 ൽ കരാറിൽ ഏർപ്പെട്ടിരുന്നു. അതിൻ പ്രകാരം വനിതകൾക്ക് അങ്കമാലിയിലുള്ള ഇൻകൽ എന്ന സ്ഥാപനം വഴി നഴ്സിംഗ് അസിസ്റ്റന്റ് ആകുന്നതിനുള്ള സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം നടത്തുകയും ട്രെയിനിംഗ് നൽകുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടക്കത്തിൽ 55 വിദ്യാർത്ഥിനികൾ ട്രെയിനിംഗിന് ഉണ്ടായിരുന്നു. എന്നാൽ 51 വിദ്യാർത്ഥികൾ മാത്രമാണ് കോഴ്സ് പൂർത്തീകരിച്ചത്. ഇറാം ടെക്നോളജീസ് ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരമുള്ള തുക ചെലവിനത്തിൽ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ തീയതി | ഇനം | തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 1 | 35/28.5.2024 | യൂണിഫോം | 55000/- | ഇൻവോയ്സ് 2/1.2.2025 പ്രകാരമുള്ള 599760രൂപയിൽ 110960 രൂപ 2025-26 ലാണ് നൽകിയിട്ടുള്ളത്. |
| 2 | 1/30.11.2024 | ട്യൂഷൻ ഫീസ് | 508200/- | |
| 3 | 2/1.2.2025 | | 599760/- | |
| | | ആകെ | 1162960/- | |

എന്നാൽ ഇറാം ടെക്നോളജീസ് ഹാജരാക്കിയ 28.05.2024 ലെ 35-ാം നമ്പർ ഇൻവോയ്സിൽ വിദ്യാർത്ഥികൾക്കുള്ള യൂണിഫോമിനുള്ള 55000 രൂപയുടെ ഡിമാന്റും ഉൾപ്പെടുന്നുണ്ട്.

പതിനാലാം പദ്ധതി മാർഗ്ഗരേഖ 6.5.2(സി) പ്രകാരം സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമിൽ പരിശീലന ചെലവ്, എൻടൈറ്റിൽമെന്റ് ചെലവ് എന്നിങ്ങനെ രണ്ടു ഘടകങ്ങളാണുള്ളത്. എൻടൈറ്റിൽമെന്റ് ചെലവിൽ താമസം, ഭക്ഷണം, സ്റ്റഡി മെറ്റീരിയൽസ്, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. യൂണിഫോമിനുള്ള ചെലവ് ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല ഹ്രസ്വകാല പരിശീലന പരിപാടിയിൽ യൂണിഫോമിനുള്ള പ്രസക്തിയും വ്യക്തമല്ല. ആയതിനാൽ മാർഗ്ഗരേഖ അനുശാസിക്കാത്ത ചെലവുതുക 55000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരമുള്ള ചെലവുതുകയിൽ 10,52,000/- രൂപ 2024-25 സാമ്പത്തിക വർഷവും ബാക്കി തുക 2025-26 സാമ്പത്തിക വർഷത്തിലും അനുവദിച്ചിട്ടുണ്ട്. കരാർ പ്രകാരം എല്ലാവർക്കും പ്ലേസ്മെന്റ് നല്കേണ്ടതാണ് എന്നാൽ എല്ലാവർക്കും പ്ലേസ്മെന്റ് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. 31 പേരുടെ പ്ലേസ്മെന്റ് വിവരം മാത്രമാണ്

ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ വിശദീകരണം നൽകേണ്ടതാണ്.

**1-21 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -₹10453185 /-തടസ്സപ്പെടുത്തുന്നു**

1) അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25ൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്, നമ്പർ, ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | 123/25,വികസനഫണ്ട് (ജനറൽ), കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് കനാൽ നവീകരണത്തിനു തുക നൽകൽ | 780000 | 780000 | 455/12.12.2024 |
| 2 | 146/25, വികസനഫണ്ട്(ജനറൽ), കറുകുറ്റി ഗ്രാമപഞ്ചായത്തിന് കനാൽ നവീകരണത്തിനു തുക നൽകൽ | 900000 | 900000 | 454/12.12.24 |
| 3 | 122/25, വികസനഫണ്ട്(ജനറൽ), കറുകുറ്റി ഗ്രാമപഞ്ചായത്തിന് അങ്കണവാടി നവീകരണത്തിനു തുക നൽകൽ | 275249 | 275249 | 456/12.12.2024 |
| 4 | 152/25, വികസനഫണ്ട്(ജനറൽ), കാലടി ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 300000 | 300000 | 566/17.3.2025 |
| 6 | 109/25, വികസനഫണ്ട്(ജനറൽ), കറുകുറ്റി ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 500000 | 500000 | 458/12.12.2024 |
| 7 | 138/25, വികസനഫണ്ട്(ജനറൽ), കറുകുറ്റി ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 500000 | 500000 | 404/27.12.2024 |
| 8 | 161/25, വികസനഫണ്ട്(ജനറൽ), കാലടി ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 1000000 | 500000 | 458/12.12.2024 |
| 9 | 174/25, വികസനഫണ്ട്(ജനറൽ), കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് നവീകരണത്തിനു തുക നൽകൽ | 500000 | 500000 | 465/12.12.2024 |
| 10 | 117/25, വികസനഫണ്ട്(ജനറൽ), കാലടി, കറുകുറ്റി ഗ്രാമപഞ്ചായത്തുകൾക്ക് നവീകരണത്തിനു തുക നൽകൽ | 15000 | 14910 | 562/17.3.2025 |
| 11 | 4/25, വികസനഫണ്ട് (ജനറൽ), കാഞ്ഞൂർ, കാലടി ഗ്രാമപഞ്ചായത്തുകൾക്ക് വജ്ര ജൂബിലി ഫെല്ലോഷിപ്പിനു തുക നൽകൽ | 660000 | 540000 | 563/17.3.2025 |
| 12 | 115/25, വികസനഫണ്ട് (എസ്.സി.പി.) കറുകുറ്റി ഗ്രാമപഞ്ചായത്തിന് അങ്കണവാടി നവീകരണത്തിനു തുക നൽകൽ | 500000 | 500000 | 564/17.3.2025 |
| 15 | 175/25, തനത് ഫണ്ട്, കാഞ്ഞൂർ, കാലടി, കറുകുറ്റി ഗ്രാമപഞ്ചായത്തുകൾക്ക് അതിദാരിദ്ര്യ നിർമ്മാർജനത്തിനു തുക നൽകൽ | 550000 | 111190 | 566/17.3.2025 |
| 16 | 148/25, വികസനഫണ്ട്(ജനറൽ), കറുകുറ്റി ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 500000 | 439736 | 568/17.3.2025 |

| | | | | |
|---|---|---|---|---|
| 17 | 193/25, തനത് ഫണ്ട്, കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 400000 | 400000 | 631/25.3.25 |
| 18 | 192/25, ധനകാര്യ കമ്മീഷൻ അവാർഡ് കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് നവീകരണത്തിനു തുക നൽകൽ | 200000 | 200000 | 632/25.3.25 |
| 19 | 153/25, ധനകാര്യ കമ്മീഷൻ ഗ്രാന്റ് കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന് എം.സി.എഫുകൾ നവീകരണത്തിനു തുക നൽകൽ | 700000 | 650000 | 638/25.3.25 |
| | | | 7111085/- | |

2) അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25ൽ നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്, നമ്പർ, ഫണ്ടിനം | ഏജൻസി | അടങ്കൽ | ചെലവ് | ബിൽ നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 82/25, ധനകാര്യകമ്മീഷൻ ഗ്രാന്റ് അയ്യംപുഴ – കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | വാട്ടർ അതോറിറ്റി | 650000/- | 650000/- | 1024057/24.10.24<br>1024017/24.10.24 | അയ്യംപുഴ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചതായോ ജൽജീവൻ മിഷന്റെ സാധ്യതകൾ പരിശോധിച്ചതായോ കാണുന്നില്ല |
| 2 | 190/25, വികസനഫണ്ട്, എസ് സി പി ധനകാര്യകമ്മീഷൻ ഗ്രാന്റ് കറുകുറ്റി പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 710000/-<br>700000/- | 710000/-<br>700000/- | 397/21.3.25<br>398/21.3.25 | കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചതായോ ജൽജീവൻ മിഷന്റെ സാധ്യതകൾ പരിശോധിച്ചതായോ കാണുന്നില്ല |
| 3 | 170/25, തനതുഫണ്ട് മലയാറ്റൂർ കുടിവെള്ള പൈപ്പ് ലൈൻ -ഫിൽട്ടറിംഗ് യൂണിറ്റ് സ്ഥാപിക്കൽ | വാട്ടർ അതോറിറ്റി | 86000 | 86000 | 325/16.10.24 | മലയാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചതായോ ജൽജീവൻ മിഷന്റെ സാധ്യതകൾ പരിശോധിച്ചതായോ കാണുന്നില്ല |
| 4 | 192/25, ധനകാര്യകമ്മീഷൻ ഗ്രാന്റ്, കാഞ്ഞൂർ ലിഫ്റ്റ് ഇറിഗേഷൻ കനാൽ നവീകരണം | ഇറിഗേഷൻ വകുപ്പ് | 200000 | 200000 | 206/20.12.2024 | പ്രോജക്ടിന്റെ നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല |
| 5 | 174/25, വികസനഫണ്ട് | ഇറിഗേഷൻ വകുപ്പ് | 500000 | 500000 | 402/20.12.2024 | പ്രോജക്ടിന്റെ നിലവിലെ സ്ഥിതി |

| | | | | | |
|---|---|---|---|---|---|
| 6 | കാഞ്ഞൂർ ഇറിഗേഷൻ കനാൽ നവീകരണം 13/25 വികസനഫണ്ട്, പോസ്റ്റ് സ്ഥാപിക്കൽ | കെഎസ്ഇബി 500000 | 400000<br>96100 | 390/18.12.2024<br>391/18.12.2024 | ഫയലിൽ ലഭ്യമല്ല<br>പ്രോജക്റ്റിന്റെ നിലവിലെ സ്ഥിതി ഫയലിൽ ലഭ്യമല്ല |
| | | ആകെ | 3342100/- | | |

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മുകളിൽ പരാമർശിച്ചിട്ടുള്ളവയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7/25.09.2025) മറുപടി ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക 7111085 + 3342100 = 10453185/- തടസ്സപ്പെടുത്തുന്നു.

## 1-22 പൂർത്തീകരിച്ച പദ്ധതികൾ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറുന്നില്ല

ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെയും, സ്ഥലങ്ങളുടെയും നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന്, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മതപത്രം ലഭ്യമാക്കി ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫൈനൽ ബിൽ നൽകിയ പ്രോജക്ടുകൾ, പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ രേഖാമൂലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ യഥാസമയം അപ്ഡേഷൻ വരുത്തിയിട്ടില്ല.
ബ്ലോക്ക് പഞ്ചായത്ത് 2024-25 ൽ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക് നം., പേര് | ചെലവ് |
|---|---|---|
| 1 | 129/25 ഇറവൂർ ഷീ ജിം | 92463 |
| 2 | 180/25 മഞ്ഞിക്കാട് അങ്കണവാടിയുടെ മുകളിൽ വനിതാ വികസന കേന്ദ്രം-മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് | 676930 |
| 3 | 28/25 മണിയൻകുഴി അങ്കണവാടിയുടെ മുകളിൽ വനിതാ വികസന കേന്ദ്രം-മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് | 388569 |
| 4 | 137/25 സ്കിൽ എക്സലൻസി സെന്റർ | 149229 |
| 5 | 159/25 പാണ്ടൻകുളം നവീകരണം | 1023274 |
| 6 | 158/25 മൂന്നാംപറമ്പ് പാലിശ്ശേരി റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കൽ | 381928 |
| 7 | 166/25 ചീനാംചിറ സംരക്ഷണം | 550270 |
| 8 | 167/25 എടലക്കാട് അങ്കണവാടി സൈഡ് പ്രൊട്ടക്ഷൻ | 644038 |
| 9 | 95/25 മഞ്ഞന കോളനി റോഡ് അയ്യമ്പുഴ | 547155 |
| 10 | 126/25 നമ്പിളിക്കുളം നവീകരണം | 893413 |
| 11 | 66/25 നമ്പിളിക്കുളം നവീകരണം | 882098 |
| 12 | 128/25 ഇലവന്തി കോളനി കിണർ നിർമ്മാണം | 384598 |
| 13 | 82/25 അയ്യമ്പുഴ മുളിപ്പാറ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 650000 |
| 14 | 90/25 പൂഞ്ചിരിക്കുളം റോഡ് ഡ്രൈൻ നിർമ്മാണം | 847569 |

പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് രേഖാമൂലം

കൈമാറാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/29.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-23 പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചു.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ തവളപ്പാറ സ്കിൽ എക്സലൻസി സെന്റർ മെയിന്റനൻസിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് താഴെ പറയുന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 137/25 തവളപ്പാറ സ്കിൽ എക്സലൻസി സെന്റർ മെയിന്റനൻസ് (സ്പിൽ ഓവർ) |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 200000 രൂപ |
| ചെലവ് | 149229 രൂപ |
| ബിൽ നം | 49/17.07.24- 149229/- രൂപ |

14-ാം പദ്ധതി മാർഗരേഖയിലെ (സ.ഉ.(കൈ) നം.84/2022 ത.സ്വ.ഭ.വ തീയതി 19.04.2022) ഖണ്ഡിക 6.8(4) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഖണ്ഡിക 6.8(8) തനതു ആസ്തികളുടെ നിർമ്മാണത്തിനും, സംരക്ഷണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(എം.എസ്) 06/2021/ഫിൻ. തീയതി 08.01.2021, G.O.(Ms)No.118/2022/LSGD തീയതി 04.06.2022 എന്നിവ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച നിർവ്വഹിക്കാൻ പാടില്ലാത്ത നെഗറ്റീവ് ലിസ്റ്റിൽ ആണ് തനത് ആസ്തികളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുള്ളത്.

നിർമ്മാണ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിന്റെ പകർപ്പ് അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, ബ്ലോക്ക് സെക്രട്ടറിയോട് ആവശ്യപ്പെട്ടതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.01.2024ലെ ബി 74/24 നം. കത്ത് പ്രകാരം തവളപ്പാറ സ്കിൽ എക്സലൻസി സെന്റർ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ആസ്തിയാണെന്ന് അറിയിച്ചിട്ടുണ്ട്.
സർക്കാർ ഉത്തവുകൾക്കും പദ്ധതി മർഗരേഖയിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം18/29.09.2025) ശ്രദ്ധക്കുറവ് കൊണ്ട് സംഭവിച്ചതാണെന്നും, ഭാവിയിൽ ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രൊജക്റ്റുകൾ രൂപീകരിക്കേണ്ടതാണ്. പദ്ധതി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-24 കാലടി CHC വേസ്റ്റ് മാനേജ്മെന്റ് ഏരിയ അപ്ഗ്രഡേഷൻ - പ്രോജക്റ്റ് ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ആരംഭിച്ചതും 2024-25 സ്പിൽ ഓവർ ആയി നടപ്പിലാക്കിയ കാലടി CHC വേസ്റ്റ് മാനേജ്മെന്റ് ഏരിയ അപ്ഗ്രഡേഷൻ -എന്ന പ്രോജക്റ്റിന്റെ ചെലവ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | എസ്.ഒ. 178/25 കാലടി CHC വേസ്റ്റ് മാനേജ്മെന്റ് ഏരിയ അപ്ഗ്രഡേഷൻ - (സ്പിൽ ഓവർ) |
| അടങ്കൽ | 888000 ഹെൽത്ത് ഗ്രാന്റ് |

| | |
|---|---|
| ചെലവ് | 298310 രൂപ |
| ബിൽ നം. തീയതി | 310/30.09.2024 - 298310 രൂപ |

പ്രോജക്റ്റിൽ തുക ചെലവഴിക്കുകയും, സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെടുകയും ചെയ്യാത്തതുമൂലം ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ പ്രോജക്റ്റ് ചെലവ് പ്രതിഫലിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം06/25.09.2025) ഐ.കെ.എം ആയി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഭേദഗതി ചെയ്യുന്ന പ്രോജക്ടുകൾ യഥാസമയം വെറ്റിംഗ് ഓഫീസർമാർ അംഗീകാരം നൽകേണ്ടതും, ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും സുലേഖ പത്രികയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കുന്നതിലെ അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ വരുമാന നഷ്ടവുമുണ്ടായിട്ടുണ്ട്.

2012 ലെ കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം ഓരോ പ്രാവശ്യവും ദീർഘിപ്പിച്ചു നൽകാവുന്ന കരാർ കാലാവധി ദൈർഘ്യം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ മാത്രമാണ്. ഏതൊരു പ്രവൃത്തിയ്ക്കും അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. G.O(Ms) No. 21/2024/PWD/02.04.2024 നം.ഉത്തരവ് പ്രകാരം ഖണ്ഡിക 2112.1 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകുന്ന ഓരോ ആഴ്ചയ്ക്കും PACയുടെ 0.1% Liquidated Damages(പരമാവധി 10%) ആയി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മതിയായ പിഴ ഈടാക്കാതെയാണ് പ്രവൃത്തികളുടെ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| (1) പ്രവൃത്തിയുടെ വിവരം | 159/25 പാണ്ടൻ കുളം നവീകരണവും സൈഡ് കെട്ടി സംരക്ഷണവും - കാലടി ഗ്രാമപഞ്ചായത്ത് (സ്പിൽ ഓവർ) |
| അടങ്കൽ | 1300000 രൂപ CFC Grant |
| EPAC | 1101522 രൂപ |
| കരാറുകാരൻ | കെ എസ് പോളി കാളാപറമ്പൻ, അയ്യമ്പുഴ |
| സാങ്കേതികാനുമതി | LSGD/CELSGD/TS/92428/2023/16.09.23 (6മാസം) |
| എഗ്രിമെന്റ് നം. | 21/AE/23-24/08.01.24 |

| | |
|---|---|
| പാർട്ട് ബിൽ | 0 |
| ബിൽ നം. | 123/01.10.24- 1023274രൂപ |
| എം.ബുക്ക് നം. | E MB 92428/2023 |
| സൈറ്റ് കൈമാറിയ തിയതി | 08.01.2024 |
| പൂർത്തീകരിക്കേണ്ട തീയ്യതി | 07.07.2024 |
| പൂർത്തീകരിച്ച തീയതി | 29.08.2024 |
| ഈടാക്കേണ്ടത് (1%) | 11015 രൂപ |
| ഈടാക്കിയത് | 1997 രൂപ |
| കുറവ് | 9018 രൂപ |

08.01.24ന് സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല 03.09.2024 തീയതികളിൽ സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുകയും പിഴ കൂടാതെ 31.10.24 വരെ കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തതായി കാണുന്നു.

മരാമത്ത് പ്രവർത്തികളിൽ കാലാവധി ദീർഘിപ്പിച്ചതിന്, മെമ്മോ ഓഫ് പേയ്മെന്റിൽ പിഴ കണക്കാക്കി ആയത് ആകെ പ്രവത്തി മൂല്യത്തിൽനിന്നും കുറവാക്കി ബാക്കി തുക നൽകുന്നതിന് റിക്വിസിഷൻ നൽകുകയും ആയതനുസരിച്ച് ബിൽ തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്. കരാർ ലംഘനത്തിന് ഈടാക്കുന്ന പിഴ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനം ആണ്. പിഴ ഇനത്തിലെ തുകകൾ വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽനിന്നും കുറവാക്കി ബിൽ നൽകുന്നതുമൂലം ബ്ലോക്ക്പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. പിഴ തുക ബില്ലിൽനിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം18/29.09.2025) കുളത്തിൽ വെള്ളം കയറിയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും കരാറുകാരന്റെ വീഴ്ച അല്ലെന്നും, സമയബന്ധിതമായി പ്രവൃത്തി ഇൻഷ്വർ ചെയ്യാതിരുന്നതിനാൽ എഗ്രീഡ് പിഎസിയുടെ 0.2% തുക ബില്ലിൽ നിന്നും കുറവ് ചെയ്തതാണെന്നും, ഭാവിയിൽ പിഴ തുക സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യ കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ സ്കീം 2 ലാണ് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

### 1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | (എ) സബ് സെന്റേഴ്സ്<br>സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. | 0 | 0 | 0 | 0 |
| | (ബി) പി.എച്ച്.സി. | | | | |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | 0 | 0 | 2757000/- + 22248 (പലിശ) | 4217000/-+ 7745/-(പലിശ) |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | 0 | 0 | 0 | 0 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 0 | 0 | 0 |

## 2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. | 0 | 0 | 0 | 0 |
| | (എ) സബ് സെന്റേഴ്സ്<br>സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. | 0 | 0 | 0 | 0 |
| | (ബി) പി.എച്ച്.സി. | | | | |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | 0 | 0 | 885090/- | 357504/- |
| 3 | ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | 0 | 0 | 0 | 0 |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | 0 | 0 | 0 |

## 3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം

പ്രൊജക്ട് നമ്പർ-205/25 പ്രകാരം കാലടി സി.എച്ച്.സി.യുടെ കെട്ടിട നവീകരണത്തിന് 2024-25 വർഷം 11,77,456/-രൂപ ചെലവഴിച്ചിട്ടുണ്ട്.

## 4. ഹെൽത്ത് ഗ്രാന്റ് – സാമ്പത്തിക നില (2024-25)

| | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്<br>(320100205) IDBI ബാങ്ക്, അങ്കമാലി |
|---|---|
| മുന്നിരിപ്പ് | ₹4,94,992.00 |
| വരവ് (പലിശ ഉൾപ്പെടെ) | ₹4224745.00 |
| ആകെ | ₹4719737.00 |
| ചെലവ് | ₹357504.00* |
| നീക്കിയിരിപ്പ് | ₹4360389.00 |

*I-6 പ്രകാരം ഹെൽത്ത് ഗ്രാന്റിൽ 357504 രൂപയാണ് ചെലവ്, 1844 രൂപ ബാങ്ക് ചാർജ്ജ് ഇനത്തിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ 359348/-രൂപയാണ് യഥാർത്ഥ ചെലവ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/ അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 32 | ₹192000 | ₹192000 | ഇല്ല | |

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മെയ് 2024 | 6000 | 6000 | ഇല്ല | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| മാസം | (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 2024-25 | 700000 | 107/25പി.എം.എ വൈ ജനറൽ | 700000 | 0 |
| കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 2024-25 | 70000 | 105/25പി.എം.എ വൈ SCP | 70000 | 0 |
| | **ആകെ** | **770000** | | **770000** | **0** |
| എറണാംകുളം ജില്ലാ പഞ്ചായത്ത് | 2024-25 | 294000 | 107/25പി.എം.എ വൈ ജനറൽ | 294000 | 0 |
| | 2024-25 | 98000 | 105/25പി.എം.എ വൈ SCP | 98000 | 0 |
| | 2024-25 | 98000 | 17/25 ലൈഫ് TSP | 98000 | 0 |
| | **ആകെ** | **490000** | | **490000** | **0** |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 13/25 അയ്യമ്പുഴ ചീനം ചിറ കുറ്റിപ്പാറ റോഡ് ഇലക്ട്രിക് ലൈൻ വലിക്കൽ | 390/18.12.2024<br>391/18.12.2024 | 496100 | 0 | 496100 |
| വാട്ടർ അതോറിറ്റി | 190/25 കറുകുറ്റി പഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 398/21.03.2025<br>397/21.03.2025 | 1410000 | 0 | 1410000 |
| വാട്ടർ അതോറിറ്റി | 170/25മലയാറ്റൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി | 325/16.10.24 | 86000 | 0 | 86000 |
| ഇറിഗേഷൻ വകുപ്പ് | 192/25 കാഞ്ഞൂർ ലിഫ്റ്റ് ഇറിഗേഷൻ സബ് കനാൽ നവീകരണം | 396/20.12.2024<br>402/20.12.2024 | 184500<br>15500<br>200000 | 0 | 200000 |
| വാട്ടർ അതോറിറ്റി | 82/25 അയ്യമ്പുഴ കുടിവെള്ള പൈപ്പ് ലൈൻ | 1024057/24.10.24<br>1024017/24.10.24 | 650000 | 0 | 650000 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഭവന നിർമ്മാണ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് വായ്പ എടുത്തിട്ടില്ല. എന്നാൽ തൻവർഷത്തിൽ പ്രോജക്റ്റ് നം. 209/25 IAY പലിശയിനത്തിൽ 3621683 രൂപ വികസന ഫണ്ടിന്റെ (ജനറൽ) സ്രോതസ്സിൽനിന്നും കുറവ് ചെയ്തിട്ടുണ്ട്.

## 4-7 സ്ഥിര നിക്ഷേപങ്ങൾ.

ഒന്നുമില്ല

## 4-8 ഓഡിറ്റ് റിക്കവറി ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.3.5.1 | ജനകീയ ഭവന പദ്ധതി അപാകതകൾ | ജില്ലാ പഞ്ചായത്തിനോട് നടപടി ആവശ്യപ്പെട്ടിട്ടുണ്ട് |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്തവിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹8,43,03,220.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹75811901.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1,21,48,500/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | ₹400000 | ശ്രീ. വാസുദേവൻ സി.എൻ, പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 1-12 | ₹726315 | ശ്രീമതി ബീത്തി ബാലചന്ദ്രൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-19 | ₹514000 | ശ്രീ. ജോബി ടി.വൈ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | ₹55000 | ശ്രീ. ജോബി ടി.വൈ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | ₹10453185 | ശ്രീ. അഭിലാഷ്.എം.ആർ, സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | ₹1,21,48,500/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഭിലാഷ്.എം.ആർ, സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | മേക്കര ഹൗസ്, വെണ്ണല പി.ഒ, ഇടപ്പള്ളി സൗത്ത് |
| ശ്രീ. വാസുദേവൻ സി.എൻ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | നെരിഞ്ചമ്പിള്ളി, കുവപ്പടി പി.ഒ. |
| ശ്രീമതി ബീത്തി ബാലചന്ദ്രൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | പണ്ടാല ഹൗസ്, പള്ളുപ്പേട്ട, മലയാറ്റൂർ പി.ഒ. |
| ശ്രീ. ജോബി ടി.വൈ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | തോട്ടപ്പിള്ളി ഹൗസ്, യോർദ്ദനാപുരം, തോട്ടകം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1697/2019 തീ.04.10.2019 | 1 |
| 2000-2001 | ,, | 2 |
| 2001-2002 | ,, | 1 |
| 2003-2004 | ,, | 3 |
| 2007-2008 | ,, | 6 |
| 2008-2009 | ,, | 1 |
| 2009-2010 | ,, | 1 |
| 2012-2013 | ,, | 1 |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1165/2019 തീ.30.09.2019 | 3 |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 288/2019 തീ.11.07.2019 | 8 |
| 2018-2019 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1587/2019 തീ.17.06.2020 | 4 |

| | | |
|---|---|---|
| 2019-2020 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 933/2019 തീ.06.12.2021 | 34 |
| 2020-2021 | കെ.എസ്.എ ഇ.കെ.എം (ബി.പി.)552/22 തീ.03.06.2022 | 12 |
| 2021-2022 | കെ.എസ്.എ ഇ.കെ.എം (ബി.പി.)1937/22 തീ.28.12.2022 | 11 |
| 2022-2023 | കെ.എസ്.എ ഇ.കെ.എം (ബി.പി.)1001/2023 തീ.04.09.2023 | 14 |
| 2023-24 | കെ.എസ്.എ ഇ.കെ.എം (ബി.പി.)1709/2024 തീ.20.12.2024 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 25-07-2025 and submitted on 30-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Angamaly Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Angamaly Block Panchayat as on 31-03-2025

**Date: 29/11/2025**

**Joint Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Angamaly Block Panchayat for the Year 2024-2025 .

**1.Major Observations**

NIL

**2.Other Observations**

1) "All statements required as per accounting rules have not been submitted along with the

annual accounts."

2) "The deficiencies or inaccuracies in the cash flow statement are not duly substantiated in the audit report."

3) " The CFC Grant expenditure in I-6 schedule does not match with the sulekha expenditure statement."

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്